കൈത്തറി- കോവിഡ് 19 മഹാമാരിമൂലം കൈത്തറി മേഖലയിൽ നൂലിന് ക്ഷാമം, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം, വിപണനത്തിൽ കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ വീണ്ടും പുനരാരംഭിച്ചു. കൂടിശ്ശിക കൂലി നൽകുകയും വിപണനത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിനായി അധികം റിബേറ്റ് ദിനങ്ങൾ അനുവദിച്ചു നൽകുകയും ചെയ്തു. എല്ലാ നെയ്ത്തുകാർക്കും ക്ഷേമനിധി ബോർഡ് വഴി ധനസഹായ വിതരണം നടത്തി. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് മേഖലയുടെ പുനരുദ്ധാരണത്തിനായി 74.35 ലക്ഷം രൂപയുടെ പ്രത്യേക പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയും അതിലൂടെ കൈത്തറി/ സ്പിന്നിംഗ് മേഖലയ്ക്ക് സഹായങ്ങൾ നൽകുയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്ക് പുറമേ അധികമായി 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റായി അനുവദിച്ചിരുന്നു. അതോടൊപ്പം കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽനിന്നും തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച ലോക്ഡൗൺ കാരണവും മറ്റുകാരണങ്ങളാലും കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം മന്ദഗതിലായിട്ടുണ്ട്. ഈ വർഷവും നിലവിൽ സർക്കാർ പ്രഖ്യാപിച്ച 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റ് ദിനങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

7 (*307) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ മുന്നൂറ്റി അൻപത് കോടി രൂപയുടെ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പ പലിശയുൾപ്പെടെ 102,55,49,364 (102.55 കോടി) രൂപയുടെയും വ്യാപാര സ്റ്റോക്കിലെ കുറവ് ഇനത്തിൽ 1,69,34,445.63 (1.69 കോടി) രൂപയുടെയും കൂടി ആകെ 104,24,83,809.63 (104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായി ബാങ്കിൽ നടത്തിയ സഹകരണ നിയമം 65 അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകാമോ;

സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ സർക്കാരിന്റെ 24-7-2021-ലെ സ.ഉ.(സാധാ)451/21/സഹ നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേട് കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. ക്രമക്കേട് സംബന്ധിച്ച് സംസ്ഥാന ക്രൈം ബ്രാഞ്ച് അന്വേഷണവും ഇതിനകം ആരംഭിച്ചിട്ടുണ്ട്.

(സി) വളരെ മുമ്പ് നടന്ന പ്രസ്തുത സംഭവം ഭരണസമിതി അറിയാതിരുന്നതും 2019-ൽ തട്ടിപ്പ് കണ്ടെത്തിയിട്ടും ഭരണസമിതി നടപടികൾ സ്വീകരിക്കാതിരുന്നതും കൂടുതൽ തട്ടിപ്പ് നടക്കുന്നതിന് കാരണമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതി പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായോ; വ്യക്തമാക്കാമോ?

2019-ൽ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സഹകരണ നിയമം വകുപ്പ് 65 അന്വേഷണത്തിന് ഉത്തരവിട്ടത്. റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഭരണസമിതി പിരിച്ചുവിട്ടിട്ടുണ്ട്. ഭരണസമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രവർത്തിച്ചോ എന്ന വിഷയം ഗവൺമെന്റ് രൂപീകരിച്ച ഉന്നതതല സമിതി പരിശോധിക്കുന്നതാണ്. ടി സമിതിയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മേൽനടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly